**POLICE** **DEPARTMENT**

**KERALA**

**No.C5-86417/2015/PHQ**
പോലീസ് ഹെഡ്ക്വാട്ടേർസ്,
തിരുവനന്തപുരം
തീയതി. 15-06-2015

**സർക്കുലർ No.18/2015**

വിഷയം : പോലീസ് ഉദ്യോഗസ്ഥർക്കെതിരായ പരാതികളിന്മേൽ സത്യസന്ധമായ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുന്നത് - സംബന്ധിച്ച്

പലപ്പോഴും പോലീസ് ഉദ്യോഗസ്ഥർ അധികാരം ദുർവിനിയോഗം നടത്തുന്നതായും നിയമവിരുദ്ധമായി പ്രവർത്തിക്കുന്നതായും മറ്റും ആരോപിച്ചുകൊണ്ട് നിരവധി പരാതികൾ ഉയർന്നുവരാറുണ്ട്. ഇത്തരം പരാതികൾ പരിഗണിക്കുന്ന മനുഷ്യാവകാശ കമ്മീഷൻ, പോലീസ് കംപ്ലൈന്റ് അതോറിറ്റി തുടങ്ങിയ അധികാര സ്ഥാപനങ്ങൾ ഇതുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരോട് ആവശ്യപ്പെടാറുണ്ട്. എന്നാൽ ഈ പരാതികളുടെ നിജസ്ഥിതി വേണ്ടവിധം അന്വേഷിച്ച നിഷ്പക്ഷവും സത്യസന്ധവുമായ റിപ്പോർട്ട് സമർപ്പിക്കേണ്ടതിനു പകരം പലപ്പോഴും ആരോപണ വിധേയനായ കീഴുദ്യോഗസ്ഥന്റെ വിശദീകരണം പൂർണ്ണമായും അംഗീകരിച്ചുകൊണ്ട് ആയത് തന്നെ മേൽ പറഞ്ഞ അധികാര സ്ഥാപനങ്ങളിലേക്ക് യാന്ത്രികമായി മേൽ ഉദ്യോഗസ്ഥർ സമർപ്പിക്കുന്നതായി കണ്ടുവരുന്നുണ്ട്. ഇത് തികച്ചും അസ്വീകാര്യവും പലപ്പോഴും വിമർശനങ്ങൾ ക്ഷണിച്ചുവരുത്തുന്നതുമാണ്. ആവലാതിക്കാരന് നീതി നിഷേധിക്കുന്നതിനൊപ്പം തന്നെ, നിയമ വിരുദ്ധവും അതിരുകടന്നതുമായ കൃത്യങ്ങളിൽ ഏർപ്പെടുന്ന ഉദ്യോഗസ്ഥർക്ക് ഇത്തരം പ്രവർത്തനങ്ങൾ തുടരുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നതിനും മേലുദ്യോഗസ്ഥരുടെ അയഞ്ഞ സമീപനവും അലംഭാവവും വഴിയൊരുക്കും എന്നത് ഓർമ്മിക്കേണ്ടതാണ്. ഭാരിച്ച ഉത്തരവാദിത്വവും ചുമതലകളുമുള്ള മേൽ പറഞ്ഞിട്ടുള്ള അധികാര സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികൾ അർഹമായ ഉത്തരവാദിത്വത്തോട് കൂടിത്തന്നെ അന്വേഷണ ഉദ്യോഗസ്ഥർ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ് .

ആയതിനാൽ കീഴ് ഉദ്യോഗസ്ഥർക്കെതിരെയുള്ള പരാതികൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ചുമതലപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥൻ താൻ സമർപ്പിക്കുന്ന റിപ്പോർട്ട് സത്യസന്ധവും വസ്തുതാപരവുമാണെന്ന് പരിശോധിച്ച് ബോധ്യപ്പെട്ടതിന് ശേഷം മാത്രമേ ആയത് വിവിധ അധികാര സ്ഥാപനങ്ങൾക്ക് സമർപ്പിക്കുവാൻ പാടുള്ളൂവെന്നും അന്വേഷണ റിപ്പോർട്ട് അധികാര സ്ഥാപനങ്ങൾക്ക് സമർപ്പിക്കുന്നതിന് മേലുദ്യോഗസ്ഥനുവേണ്ടി മറ്റൊരുദ്യോഗസ്ഥൻ സമർപ്പിക്കുന്നത് ഒഴിവാക്കി മേലുദ്യോഗസ്ഥൻ തന്നെ സമർപ്പിക്കേണ്ടതാണെന്നും അധികാര സ്ഥാപനങ്ങളിൽ പരാതിയിന്മേൽ വിചാരണ നടക്കുമ്പോൾ പരാതിയുടെ നിജസ്ഥിതി അറിയാവുന്ന അന്വേഷണ ഉദ്യോഗസ്ഥൻ അധികാര സ്ഥാപനങ്ങൾക്ക് മുൻപാകെ ഹാജരാകേണ്ടതാണെന്നും ഇതിനാൽ നിർദേശിക്കുന്നു. കൂടാതെ, പരാതിയിൽ ആരോപണവിധേയനായ ഉദ്യോഗസ്ഥനെയോ, കുറ്റകൃത്യത്തിൽ ഉൾപെട്ടതായി ആരോപിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥനെയോ, അധികാര സ്ഥാപനങ്ങളുടെ ആരോപണങ്ങൾക്ക് വിധേയനായ ഉദ്യോഗസ്ഥനെയോ, അധികാര സ്ഥാപനങ്ങൾ കുറ്റക്കാരനെന്ന് കണ്ടെത്തിയ ഉദ്യോഗസ്ഥനെയോ യാതൊരു കാരണവശാലും ആയതുമായി ബന്ധപ്പെട്ട പരാതി സംഗതി അന്വേഷിക്കുവാനോ, റിപ്പോർട്ട് സമർപ്പിക്കുവാനോ ആവശ്യപ്പെടാൻ പാടില്ലാത്തതാണ് . ഇക്കാര്യങ്ങൾ എല്ലാ ജില്ലാ പോലീസ് മേധാവിമാരും റേഞ്ച് ഐ ജി പി മാരും ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ് .

ടി പി സെൻകുമാർ ഐ പി എസ്
സംസ്ഥാന പോലീസ് മേധാവി

സ്വീകർത്താവ് : ലിസ്റ്റ് [illegible]യിലെ എല്ലാ ഓഫീസർമാരുടെയും അറിവിലേക്കും അനന്തരനടപടികൾക്കുമായി.